// വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 5, No. 9 : സപ്തംബർ 2012** | **വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**മലയാളം മാസ പത്രിക** | **ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

***ധർമ്മ വാണി***

*ധർമ്മ ജഗേ തോ സുഖ് ജഗേ,*
*സബ് വിധ മംഗല ഹോയ്,*
*അന്തർ കീ ഗാഠേം ഖുലേം,*
*മാനസ് നിർമ്മല ഹോയ്.*

ധർമ്മമുണർന്നാൽ സൗഖ്യമുണർന്നു,
എല്ലാവിധവും മംഗളമായ്,
അകത്ത് കെട്ടുകളഴിയട്ടെ,
മാനസം നിർമ്മലമായ്.

— **എസ. എൻ. ഗോയങ്ക**

# ഭക്തി ഗുണങ്ങളെപ്പറ്റി

**എസ. എൻ. ഗോയങ്ക**

*(ജീ–ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 32 ാം ഭാഗം)*

ശ്രദ്ധയുണ്ടാകണം, ബലവാനായ ശ്രദ്ധ യുണ്ടാകണം. ഭക്തിയുണ്ടാകണം, ബലവാനായ ഭക്തിയുണ്ടാകണം, ഫലവാനായ ഭക്തിയുണ്ടാകണം. ഭക്തി ഫലവാനാകണമെങ്കിൽ അതിനൊപ്പം ജ്ഞാനം കൂടിച്ചേരണം. ഉപാസ്യദേവന്റെ രൂപത്തിൽ, ഒരു ആദർശം നമ്മുടെ മുന്നിലുണ്ട്. ആ ആദർശത്തിൽ നിന്ന് പ്രേരണ നേടി, ജ്ഞാനത്തിന്റെ ബലത്തിൽ അതിനെ ശരിക്കും മനസ്സിലാക്കണം, ഇനി അതിനെ പ്രവർത്തിയിൽ കൊണ്ടു വരണം. സ്വന്തം ജീവനിൽ കൊണ്ടു വന്നാൽ ഭക്തി ഫലവതിയായി, ഫലമില്ലാത്തതാകില്ല. ആ ഭക്തി ആരെപ്പറ്റിയായലും ശരി. ഉപാസ്യദേവത ഇതായാലും അതായാലും, ഒരു വ്യത്യാസവും വരില്ല. എന്നാൽ ഉപാസ്യദേവത ആരായാലും, അവരിൽ സദ്ഗുണമുണ്ടാകേണ്ടതുണ്ട്. ഉപാസ്യദേവത അത്തരത്തിലാണ് – അവർ ദുർഗുണങ്ങളുടെ തന്നെ ഭണ്ഡാരമാണെങ്കിൽ നമുക്ക് എന്തുപയോഗ മാണുള്ളത്? നമ്മുക്ക് എങ്ങനെ ആദർശമാകും? നമ്മുക്ക് എങ്ങനെ മംഗളമുണ്ടാകും? നമ്മുടെ ഉപാസ്യ ദേവത ആരായാലും അദ്ദേഹം ഗുണവാനാകണം. ആദർശമാകണം. അദ്ദേഹത്തിന്റെ ഗുണങ്ങളിൽ നിന്ന് നമ്മൾക്ക് പ്രേരണ ലഭിക്കണം എന്നിട്ട് നമ്മൾ അവയെ സ്വന്തം ജീവനിൽ കൊണ്ടുവരാൻ തുടങ്ങണം.

ആർക്കെങ്കിലും ഭഗവാൻ മഹാവീരനോട് ശ്രദ്ധയുണ്ടായി, ഭക്തിയുണ്ടായി. ഭഗവാൻ മഹാവീരനോട് ശ്രദ്ധയുണ്ടായി – നന്മയുണ്ടായി, മംഗളമായി. എന്നാൽ ജ്ഞാനം ഒപ്പമില്ലെങ്കിൽ ഭക്തി യാചിക്കലായിത്തീരും. സകാമമായിത്തീരും അപ്പോൾ മംഗളമുണ്ടാകില്ല. ആരെങ്കിലും വളരെ ശ്രദ്ധയോടെ ഭഗവാൻ മഹാവീരന്റെ വലിയ മന്ദിരമുണ്ടാക്കി. മാർബിളിന്റെ അമ്പലമുണ്ടാക്കി എന്നിട്ട് അതിൽ ഭഗവാൻ മഹാവീരന്റെ വളരെ സുന്ദരമായ മാർബിളിന്റെ പ്രതിമ സ്ഥാപിച്ചു. ഇപ്പോൾ വരുന്നു എന്നിട്ട് കൈകൂപ്പിക്കൊണ്ട് പറയുകയാണ് – മഹാരാജ്, മഹാവീരസ്വാമി, ഞാൻ നൂറുകോടിയുടെ ഈ പുതിയ ഫ്കറി സ്ഥാപിച്ചല്ലോ അത് നടക്കട്ടെ, പിന്നെ താങ്കളുടെ മുകളിൽ സ്വർണ്ണത്തിന്റെ കുട ഉണ്ടാക്കാം. പ്രലോഭനം കൊടുക്കാനാഗ്രഹിക്കുകയാണോ? അദ്ദേഹം മുഴുവൻ രാജഭരണവും ഉപേക്ഷിച്ച്, മുഴുവൻ വൈഭവവും ഉപേക്ഷിച്ച് ഇത്ര അപരിഗ്രഹിയായ – അരയിൽ അടി വസ്ത്രം പോലും ധരിച്ചില്ല, ആ വ്യക്തിക്ക് സ്വർണ്ണത്തിന്റെ കുടയുടെ പ്രലോഭനം കൊടുക്കാനാഗ്രഹിക്കുകയാണോ? നമ്മൾ എവിടെയാണ് കുടുങ്ങിയത്? ശ്രദ്ധയുടെ പേരിൽ എവിടെയാണ് കുടുങ്ങിയത്? അദ്ദേഹത്തിന്റെ ഗുണങ്ങളെ ഓർക്കണം – അത്തരം അപരിഗ്രഹി യായിരുന്നു. നമ്മൾ ഗൃഹസ്ഥരാണ്, അത്ര അപരിഗ്രഹി ആകാൻ സാധിക്കില്ല എന്നാൽ എത്ര ആകാൻ സധിക്കുമോ, അത്ര ആകണം. നമ്മൾ അത്തരം രാഗവിഹീനനായി. ആ നിതാന്ത രാഗവിഹീന അവസ്ഥവരെ എത്തിച്ചേർന്നിട്ടില്ല എന്നാലും ആ വഴിക്ക് നീങ്ങണം. ഉള്ളിൽ നിന്ന് അല്പം അല്പം രാഗം നീങ്ങണം, ദ്വേഷം നീങ്ങണം, മോഹം നീങ്ങണം എങ്കിൽ ജീവിക്കാൻ പഠിച്ചു. ആ വ്യക്തി സാമായികം പഠിപ്പിച്ചു. സാമായികം എന്താണ് മറന്നു പോയി. ആരെങ്കിലും വിപശ്യന ചെയ്യുകയാണെങ്കിൽ കാര്യം മനസ്സിലാകുന്നു. പുരാതന ഭാരത്തിൽ സാമായികം എന്നാൽ എന്തായിരുന്നു – സമത തന്നെ സമത, സമത തന്നെ സമത, കൂടാതെ അതും ചിത്തത്തിന്റെ പുറമെപുറമെയുള്ള തലത്തിലല്ല, നേരെമറിച്ച്

ചിത്തത്തിന്റെ ആഴങ്ങൾവരെ, വേരുകൾവരെ സമത ഉണ്ടെങ്കിൽ സാമായികമായി.

അദ്ദേഹം കായോത്സർഗ്ഗം പഠിപ്പിച്ചു. എന്തു കായോത്സർഗ്ഗമാണ് പഠിപ്പിച്ചത്? ശരീരത്തിന്റെ ഉത്സർഗ്ഗം ചെയ്തു – അതായത് ശരീരത്തിനെപ്പറ്റി അല്പം പോലും 'ഞാൻ' 'എന്റെ' എന്ന് ഭാവമില്ല. ശരീരം 'ഞാൻ' അല്ല, 'എന്റെയല്ല', 'എന്റെ ആത്മാവല്ല'. ദേഹാത്മബുദ്ധി അല്പം പോലുമില്ല. എങ്ങനെയാകും? ശരീരത്തിന്റെ ഉള്ളിൽ പോയി ശരീരത്തിനെ സംബന്ധിച്ച മുഴുവൻ സത്യങ്ങളെയും അറിഞ്ഞുകൊണ്ട് അതിന്റെ ഉത്സർഗ്ഗം ചെയ്യുക യാണ്. നമ്മൾക്ക് ശരീരത്തിനെപ്പറ്റി അല്പം പോലും രാഗമില്ല, ദ്വേഷമില്ല. അതിനൊപ്പം താദാത്മ്യമില്ല, ആസക്തിയില്ല. ഇത് കായോത്സർഗ്ഗമാണ്.

അദ്ദേഹം പ്രതിക്രമണം പഠിപ്പിച്ചു. പ്രതിക്രമണം എന്താണ്? നമ്മുടെ ഈ ചിത്തം നിർമ്മലമായ അവസ്ഥയിലാണ്. ഈ സമയം രാഗമില്ല, ദ്വേഷമില്ല, മോഹമില്ല. അപ്പോൾ എവിടെയെങ്കിലും ഏതെങ്കിലും സംവേദനയുണർന്നു – ദുഖകരമായത് ഉണർന്നു അപ്പോൾ ദ്വേഷം ചെയ്യാൻ തുടങ്ങി, സുഖകരമായത് ഉണർന്നു അപ്പോൾ രാഗം ചെയ്യാൻ തുടങ്ങി – അപ്പോൾ അതിക്രമണം ചെയ്തു. സ്വന്തം ശുദ്ധതയുടെ അതിര് കടന്നു. ബോധം വന്ന ഉടനെ വീണ്ടും പ്രതിക്രമണം ചെയ്യാൻ തുടങ്ങി. – അയ്യോ, ഇല്ല രാഗമില്ല, രാഗവിഹീനമായ അവസ്ഥയിൽ ജീവിക്കേണ്ടതുണ്ട്. ദ്വേഷമില്ല, ദ്വേഷവിഹീനമായ അവസ്ഥയിൽ ജീവിക്കേണ്ടതുണ്ട്. മോഹമില്ല, മോഹവിഹീനമായ അവസ്ഥയിൽ ജീവിക്കേണ്ടതുണ്ട്. അപ്പോൾ പ്രതിക്രമണമായില്ലെ? ചെയ്യുന്നതിനുള്ള വിദ്യ – ചെയ്യുന്നതിനുള്ള വിദ്യ തന്നെയാണ് പറഞ്ഞത്. 'അന്തൊ, അന്തൊ ദേഹാന്തരാണി', ഈ ശരീരത്തിന്റെ ഉള്ളിൽ, മുകളിൽ, താഴെ, മുന്നിൽ പിന്നിൽ, അകത്തും പുറത്തും സർവ്വത്രം ഏതൊന്ന് നടക്കുന്നുവോ, 'ഏഹി മച്ഛേഹി, എഹി മച്ഛേഹി'. ഇത് മരിക്കുന്നതാണ്. ഇത് അനിത്യമാണ്. ഇത്, നശ്വരമാണ്. ഇത് ഭംഗുരമാണ്. ഇത് പരി വർത്തനശീലമുള്ളതാണ്. ഇതിനെപ്പറ്റി എങ്ങാനും ആസക്തി ആകരുത്. ഇതിനെപ്പറ്റി എങ്ങാനും രാഗമാകരുത്.

ഇതേ പ്രകാരത്തിൽ 'സന്ധി'യെ നോക്കി ക്കൊണ്ടിരിക്കുന്നു. 'സന്ധിം വിദിത്താ'. വേദന കളുടെ തലത്തിൽ എവിടെയാണ് സന്ധി നടന്നുകൊണ്ടിരിക്കുന്നത്, അതിനാൽ 'സന്ധിം വിദിത്താം'– ചിത്തധാരയിൽ നോക്കൂ രാഗത്തിന്റെ സന്ധിയായില്ലെ വളരെ ജാഗ്രതവാനാണ്, ആകാൻ സമ്മതിക്കില്ല. ആയാൽ ഉടൻതന്നെ ദൂരീകരിക്കും. സന്ധി വിച്ചേദം ചെയ്യും. ചിത്തധാരയിൽ ദ്വേഷത്തിന്റെ സന്ധിയായി. ഉടൻതന്നെ അറിയും. ആകാനെ സമ്മതിക്കില്ല, എന്നാൽ ആയാൽ ഉടൻ തന്നെ അറിയും എന്നിട്ട് സന്ധി വിച്ചേദം ചെയ്യും. ചിത്തധാരയിൽ രാഗത്തിന്റെ സന്ധിയില്ല. ദ്വേഷത്തിന്റെ സന്ധിയില്ല, മോഹത്തിന്റെ സന്ധിയില്ല, ഒരു വികാരത്തിന്റെയും സന്ധിയില്ല. അപ്പോൾ ഭഗവാൻ മഹാവീരന്റെ വഴിയിൽ നടക്കുകയാണ്. നടന്നാലല്ലെ?

'ആയത ചക്ഖു ലോക വിപസ്സി', ഉള്ളിൽ എന്തൊന്ന് നടന്നുകൊണ്ടിരിക്കുന്നോ, അതിനെ ഉടൻ തന്നെ അറിയാൻ തുടങ്ങണം. അത്തരം ചക്ഷു പ്രാപ്തമാകണം. ഏതൊന്ന് നടന്നുകൊണ്ടിരി ക്കുന്നോ, അനുഭൂതികളുടെ തലത്തിൽ അറിയണം. അറിയണം എന്നാൽ ഒരു പ്രതിക്രിയയും ചെയ്യരുത്. അല്പമെങ്കിലും ഈ വഴിയിൽ നടക്കാൻ തുടങ്ങിയാൽ ശ്രദ്ധ വളരെ ബലവാനാകും, എന്തെന്നാൽ പ്രവർത്തിയിൽ വരാൻ തുടങ്ങി. ആചരണത്തിൽ വരാൻ തുടങ്ങി. ജ്ഞാനത്തിനൊപ്പം ശ്രദ്ധയുണ്ടെങ്കിൽ വളരെ മംഗളകാരിയാകും, വളരെ മംഗളകാരിയാകും.

അപ്രകാരം തന്നെ ആർക്കെങ്കിലും യേശുക്രിസ്തുവിനോട് ശ്രദ്ധയുണ്ടായി. യേശു ക്രിസ്തു, മഹാന്മാരിൽ മഹാൻ. വ്യക്തി സത്യമായും മഹാനാണോ – അതിന്റെ പരീക്ഷ – മരണസമയത്ത് അദ്ദേഹത്തിന്റെ ചിത്തത്തിന്റെ അവസ്ഥ എന്താണ് – ഇതുവഴിയാണ് അളകുന്നത്. മൃത്യുവിന്റെ സമയത്ത് ചിത്തം ശാന്തമാണോ അശാന്തമാണോ. മൃത്യുവിന്റെ സമയത്ത് ചിത്തം വികാരവിമുക്തമാണോ അതോ വികാരയുക്തമാണോ, ഇതിനാൽ നിർണ്ണയിക്കപ്പെടും. എപ്രകാരം എല്ലാ മഹാൻമാരുടെയും ജീവിതത്തിൽ സംഭവിക്കുന്നോ – ഈ വ്യക്തിക്കും അനേകം വിരോധികൾ ഉണ്ടായി. ശത്രുക്കൾ ഉണ്ടായി. വിവേകമില്ലാത്തവരാണ് – ഇദ്ദേഹം എന്താണ് പഠിപ്പിക്കുന്നത് പാവങ്ങൾ അറിയുന്നില്ല, മനസ്സിലാ ക്കുന്നില്ല. സ്വന്തം പരമ്പരകളെപ്പറ്റി ഗഹനമായ ആസക്തിയാണ്. സ്വന്തം ആചാരാനുഷ്ഠാനങ്ങളെ പ്പറ്റി ഗഹനമായ ആസക്തിയാണ്. സ്വന്തം ദർശനവിശ്വാസങ്ങളെപ്പറ്റി ഇത്ര ആഴത്തിലുള്ള ആസക്തിയാണ്.

അപ്പോൾ ഏതെങ്കിലും വ്യക്തി എത്ര തന്നെ മംഗളകരമായ കാര്യം പറഞ്ഞാലും, കാത് അടച്ചിരിക്കുകയാണ്. നേരെമറിച്ച് കേൾക്കുക യാണെങ്കിൽ വിപരീതമായ തരത്തിൽ കേൾക്കും എന്നിട്ട് അതിന്റെ വിരോധം തന്നെ വിരോധം, വിരോധം തന്നെ വിരോധം ചെയ്യും. അതിനാൽ ഈ മഹാനും വളരെ വിരോധമുണ്ടായി. സ്ഥിതി ഇതുവരെയായി – ശത്രുക്കൾ അദ്ദേഹത്തെ കുരിശിൽ തറച്ചു. രണ്ടു കൈയ്യിലും ആണിയടിച്ചു, കാലിലും ആണിയടിച്ചു. തലയിൽ ആണിയടിച്ചു. ഇനി വേദനിച്ചു വേദനിച്ചു മരിക്കട്ടെ. അയ്യോ, എത്തരം മരണമാണ്? എത്ര വേദനയാണ്, എത്ര വ്യാകുലതയാണ്? ഇത് ശരീരത്തിന്റെ വേദനയാണ്. മനസ്സാകട്ടെ കരുണയാൽ നിറഞ്ഞതാണ്. സ്നേഹത്താൽ നിറഞ്ഞതാണ്. വളരെ കരുണ ഉണരുന്നു. വളരെ സ്നേഹം ഉണരുന്നു. ആരിൽ? സ്വന്തം അനുയായികളിലല്ല. ആര് ഈ സ്ഥിതി ഉണ്ടാക്കിയോ അവരോടാണ് ഉണരുന്നത്. അയ്യോ, ഇവർ ഒട്ടും അറിവില്ലാത്തവരല്ലെ! ഇവർ വളരെ അബോധവാൻമാരല്ലെ! ഇവർ എന്താണ് ചെയ്തു കൊണ്ടിരിക്കുന്നത് എന്ന് ഇവർക്ക് ബോധമില്ല. ഇവർക്ക് ചെയ്തതിന്റെ ഫലം അനുഭവിക്കാനിട യുണ്ടാകാതിരിക്കട്ടെ. അത്തരം മഹാൻ, അദ്ദേഹം നമ്മുടെ ഉപാസ്യദേവതയായി. എത്ര മംഗളത്തിന്റെ കാര്യമായി. എന്നാൽ അവരുടെ ആ ഗുണം നമ്മുടെ ജീവനിൽ വരണം, അപ്പോൾ മംഗളത്തിന്റെ കാര്യമായി.

നമ്മുടെ ജീവിതത്തിലും, നമ്മുടെ വിരോധികളോട് അല്പം അല്പമെങ്കിലും സ്നേഹം ഉണരാൻ തുടങ്ങണം. സ്വന്തം വിരോധികളെപ്പറ്റി അല്പം അല്പമെങ്കിലും മൈത്രി ഉണരാൻ

തുടങ്ങണം, കരുണ ഉണരാൻ തുടങ്ങണം. എങ്കിൽ മംഗള കാര്യമായി. അത്തരം ഗുണങ്ങളാകട്ടെ ഉണരുന്നില്ല എന്നാൽ കേവലം ഇങ്ങനെ ആശിക്കുകയാണ് – ഈ യേശു ക്രിസ്തു നമ്മുക്ക് മംഗളം തരും. നമ്മുടെ മുക്തിയിൽ സഹായകമായിത്തീരും. നമുക്ക് സ്വർഗ്ഗം തരും, ഇങ്ങനെ ഇങ്ങനെ... ഓ, എവിടെയാണ് കുടുങ്ങിയത്? ഗുണങ്ങളെ ഓർമ്മിക്കണം. ശ്രദ്ധക്ക് ഒപ്പം ഒപ്പം, ഭക്തിക്ക് ഒപ്പം ഒപ്പം ജ്ഞാനമുണ്ടാകണം. ഗുണങ്ങളെ ഒർമ്മിക്കണം. പ്രേരണ ഉണർത്തണം കൂടാതെ അത്തരം ഗുണം അല്പമെങ്കിലും നമ്മളിൽ ആരംഭിക്കണം. അത്തരം ഗുണം സ്വന്തം ജീവനിൽ വരാൻ തുടങ്ങി, എങ്കിൽ ഭക്തിയാൽ വളരെ മംഗളമുണ്ടാകുന്നു.

അപ്രകാരം തന്നെ ആർക്കെങ്കിലും മൊഹമ്മദ് സാഹബിനോട് ഭക്തിയുണ്ടായി. വളരെ മംഗളത്തിന്റെ കാര്യമായി. മഹാനാണ്. അദ്ദേഹത്തിന്റെ ഗുണങ്ങളെ ഓർമ്മിക്കണം. മനസ്സിൽ സ്നേഹം തന്നെ സ്നേഹം, എല്ലാവരോടും സ്നേഹം. സ്വന്തം മനസ്സിനെ അല്പം പോലും മലിനമാകാൻ സമ്മതിക്കുന്നില്ല. എത്ര സ്നേഹം. ആര് അദ്ദേഹത്തിന്റെ അനുയായിയാണോ, ആര് ഇസ്ലാം സ്വീകരിച്ചോ, അവരെപ്പറ്റിയാകട്ടെ സ്നേഹമുണ്ട്, കരുണയുണ്ട്. എന്നാൽ ആര് ഇസ്ലാം സ്വീകരിച്ചില്ലയോ. ഇസ്ലാമിന്റെ വിരോധം ചെയ്യുന്നോ, അവരുടെ ശിക്ഷയുടെ വിരോധം ചെയ്യുന്നുവോ, അവരെപ്പറ്റിയും അത്രതന്നെ സ്നേഹം, അത്രതന്നെ സ്നേഹം, മറിച്ച് കൂടുതൽ സ്നേഹം.

അദ്ദേഹത്തിന്റെ ജീവിതത്തിലെ രണ്ടു സംഭവങ്ങൾ –

പള്ളിയിൽ നമാജ് വായിച്ചുകൊണ്ടിരിക്കുക യാണ്. മൊഹമ്മദ് സാഹിബുമുണ്ട്, മറ്റുള്ളവരും നമാജ് വായിക്കുകയാണ്. ഈ സമയത്ത് ഏതൊ പാവം പ്രമേഹരോഗിയാകാം – അയാൾക്ക് ശക്തമായ മൂത്രശങ്ക തോന്നി. ഇനി നില്ക്കാൻ സാധിക്കാത്ത അവസ്ഥ വന്നപ്പോൾ അവിടെ തന്നെ അടുത്തെവിടെയോ അയാൾ മൂത്രമൊഴിച്ചു. നമാജ് പൂർത്തിയായപ്പോൾ മറ്റുള്ളവർ വടിയെടുത്ത് അയാളുടെ നേരെ ഓടി – മുഴുവൻ പള്ളിയെയും നീ മലിനമാക്കി. ഇവനെ തല്ലുക. അയ്യോ, ഇല്ല, ഇല്ല, അയാളുടെ പക്കൽ മൊഹമ്മദ് സാഹിബ് വരുന്നു, പാവം രോഗിയാണ്. അയ്യോ, രോഗിയാണ്. അപ്പോൾ സ്വയം ബക്കറ്റിൽ വെള്ളം നിറച്ച് അതിനെ വൃത്തിയാക്കുന്നു. എത്ര കരുണയാണ് ഒരു രോഗിയോട് എത്ര കരുണയാണ്. അയാൾ അനുയായിയാണ്, കേവലം ഇതിനാലല്ല, നേരെമറിച്ച് രോഗിയാണ്. എത്ര കരുണയാണ്. കൂടാതെ അപ്രകാരം തന്നെ ആര് രോഗിയല്ല, അനുയായി യുമല്ല അപ്പോഴും അത്ര തന്നെ കരുണയുണ്ട്.

ഒരു സംഭവം കൂടി – ദിവസവും മുടങ്ങാതെ, സമയത്തു തന്നെ സ്വന്തം വീട്ടിൽ നിന്ന് നമാജ് വായിക്കുന്നതിന് പള്ളിയിൽ പോകാറുണ്ട്. വഴിയിൽ ഒരു വൃദ്ധയുടെ വിടുണ്ട്, അവർ അദ്ദേഹത്തിന്റെ വലിയ ശത്രുവാണ് – അദ്ദേഹത്തിന്റെ ഏതോ കാര്യം അവർക്ക് ഇഷ്ടമായിട്ടില്ല. ഈ വ്യക്തി എന്താണ് പഠിപ്പിച്ചു കൊണ്ടിരിക്കുന്നത്? എല്ലാം തെറ്റാണ് പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ കാര്യങ്ങളും നമ്മുടെ പഴയ പരമ്പരകൾക്ക് വിരുദ്ധമാണ്. അതിനാൽ എന്തു ചെയ്യും? അദ്ദേഹത്തെ ആക്രമിക്കാൻ അത്ര ശക്തിയും ഇല്ല. അതിനാൽ സ്വന്തം ദേഷ്യം തീർക്കാൻ എപ്പോൾ നബിസാഹിബ് അവരുടെ വീടിനു താഴെകൂടെ പോകുമോ, അപ്പോൾ അവർ മാലിന്യങ്ങൾ ഒരു കുട്ടയിൽ തയ്യാറാക്കിവക്കും, എന്നിട്ട് അദ്ദേഹത്തിന്റെ തലയിലിടും. അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് മാലിന്യം തട്ടിക്കളഞ്ഞ് മുന്നോട്ടു പോകും. ഇത് ദിവസവും ഉള്ള പണിയാണ്. ദിവസവും അങ്ങനെ തന്നെ ആകുന്നു. ഒരു ദിവസം ആ വഴിയിലൂടെ കടന്നുപോകുകയാണ് അപ്പോൾ മുകളിൽ നിന്ന് മാലിന്യങ്ങൾ വീണില്ല. എന്തു പറ്റി? ഇത് ആശ്ചര്യകരമായ കാര്യമായി. ദിവസവും മുകളിൽ നിന്ന് മാലിന്യം വീഴുമായിരുന്നു, ഇന്ന് എന്തു പറ്റി? അതിനാൽ വീട്ടിൽ കയറി. അയ്യോ, എന്തു പറ്റി? ഈ വൃദ്ധക്ക് വല്ല രേഗവും പിടിപ്പെട്ടോ, അയ്യോ, മുത്തശ്ശി നിങ്ങൾക്ക് സുഖം തന്നെയല്ലെ? എന്തു പറ്റി? ഇത്ര കരുണ! ആര് വിരോധിയാണോ അവരെപ്പറ്റിയും ഇത്ര കരുണ! ആര് അദ്ദേഹത്തിന്റെ ഉപദേശമ നുസരിച്ച് ഇസ്ലാം സ്വീകരിക്കുമോ, അവരെപ്പറ്റിയും ഇത്ര കരുണ. അത്തരം കരുണ ഉണരണം! അത്തരം സ്നേഹം ഉണരണം! അത്തരം ചിത്തത്തിന്റെ നിർമ്മലത ഉണരണം! അപ്പോൾ ഭക്തി മംഗളകാരിയായി. അല്ലെങ്കിൽ ഭക്തി കേവലം അന്ധഭക്തിയായിരിക്കുകയാണെങ്കിൽ നമ്മുടെ മംഗളമാകില്ല.

ഇതേപ്രകാരം ആർക്കെങ്കിലും ശ്രീ ഗുരുദേവ് നാനക്ദേവജിയെപ്പറ്റി ശ്രദ്ധ ഉണർന്നു. അയ്യോ, മഹാനിൽ വച്ച് മഹാനായ നാനക്ദേവജിയെപ്പറ്റി ശ്രദ്ധ ഉണരണം. അദ്ദേഹത്തിന്റെ ഗുണങ്ങളെ ഓർമ്മിക്കണം. ഓർമ്മിക്കണം എന്നിട്ട് സ്വന്തം ജീവനിൽ കൊണ്ടുവരാനുള്ള പ്രയ്തനം ചെയ്യണം, മംഗളമാകും. എത്തരം മഹാൻ. അനേക ജന്മങ്ങളായി വ്യക്തി ചിത്തത്തെ നിർമ്മലം ആക്കി മഹാനായിത്തീരുന്നു. ഏതെങ്കിലും അത്ഭുതത്താൽ മഹാനായിത്തീരില്ല. അനേക ജന്മങ്ങളിലൂടെ ചിത്തത്തെ നിർമ്മലം ആക്കി ആക്കി, ശാന്തം ആക്കി ആക്കി മഹാനായി. അതിനാൽ കുട്ടിക്കാലത്തുതന്നെ അച്ഛൻ കൃഷിയിടത്തെ കാവലിനായി കൃഷിസ്ഥല ത്തേക്കയച്ചു. ഈ സമയത്ത് പക്ഷികൾ വളരെ കൂട്ടം കൂട്ടമായി വരുന്നുണ്ട്. നമ്മുടെ കൃഷി പാകമായിരിക്കുകയാണ്, മുഴുവൻ ധാന്യവും തിന്നുതീർക്കും. കൃഷിയിടത്തിൽ ഇരിക്കു –. പക്ഷികൾവരുമ്പോൾ അടുത്ത് ഈ കല്ലുണ്ട്, പക്ഷികളെ എറിയുക, അപ്പോൾ ഓടിപ്പോകും, പറന്നു പോകും. ഇരിക്കുകയാണ്. കുറച്ചു സമയത്തിനു ശേഷം പക്ഷി കൂട്ടം കൂട്ടമായി വരുന്നു. അപ്പോൾ നോക്കുന്നു, അയ്യോ, ഈ പാവങ്ങൾ എവിടെ നിന്ന് ഭക്ഷണം ലഭിക്കാനായി വരുന്നു, ഇവ ധാന്യങ്ങൾ കൊത്തി തിന്നുകയാണ്. മനസ്സ് വളരെ പ്രസന്നമാകുന്നു എന്നിട്ട് പ്രസന്നതയോടെ പാടുന്നു.

ഹരിജീ കി ചിഡിയാ, ഹരിജീ കാ ഖേത്,

ഖാ മേരി ചിഡിയാ, ഭര് ഭര് പേട്ട്.

അയ്യോ, എത്ര സ്നേഹം. കുട്ടിക്കാലത്ത് തന്നെ എത്ര സ്നേഹം, എത്ര മൈത്രി, എത്ര കരുണ, എത്ര സദ്ഭാവന! തിന്നട്ടെ, പക്ഷി എത്ര തിന്നും. എപ്പോൾ ആരിലെങ്കിലും മൈത്രി ഉണ്ടാകുമോ, കരുണ ഉണ്ടാകുമോ, അപ്പോൾ അതിന്റെ തരംഗങ്ങൾ ചുറ്റുവട്ടത്തുമുള്ള അന്തരീക്ഷത്തെ മൈത്രി–കരുണയാൽ നിറക്കുന്നു.

ഇപ്പോൾ പ്രായത്തിൽ ചെറുതാണെങ്കിൽ എന്തുപറ്റി? അനേക ജന്മങ്ങളായി മഹാനായി. മുഴുവൻ അന്തരീക്ഷവും ആ തരംഗങ്ങളാൽ നിറഞ്ഞു. കൂടാതെ ഈ തരംഗങ്ങൾ എവിടെ വരുമോ, വിള തന്നെത്താൻ കൂടുതലാകുന്നു അതിനാൽ എല്ലാവർഷവും എത്ര വിളവുണ്ടാകുമായിരുന്നോ, അതിലും എത്രയോ കൂടുതൽ വിളവുണ്ടായി. അത്തരം മൈത്രി, കരുണ, നമ്മളിലും വരേണ്ടതല്ലെ? എത്ര സ്നേഹം, മറ്റുള്ളവരോട് എത്ര സ്നേഹം.

ഈ സ്നേഹം എങ്ങനെ വന്നു – അന്തർമുഖിയായിക്കൊണ്ട് ചിത്തത്തെ എത്ര നിർമ്മലമായിരുന്നോ, അതിലും കൂടുതൽ നിർമ്മലം ആക്കിക്കൊണ്ടിരിക്കുകയാണ്. നിർമ്മലമാക്കിക്കൊണ്ടിരിക്കുകയാണ് എന്നിട്ട് പഠിപ്പിക്കുകയാണ് എങ്ങനെ നിർമ്മലമാക്കാം.

'കിവ സചിയാരാ ഹോയിയെ, കിവ കൂടൈ തുടൈ പാല്'

സത്യവാനായിത്തീരണം. 'ആദി സച്ച, ജുഗാദി സച്ച, ഹൈ ഭി സച്ച, നാനക് ഹോസി ഭി സച്ച്'. ഈ സത്യഭാഗത്തിന്റെ യാത്ര സ്വന്തം ഉള്ളിൽ ചെയ്യണം. സത്യം തന്നെ സത്യം, സത്യം തന്നെ സത്യം. കല്പന അരുത്. 'കൂടൈ തുടൈ പാല്'. നുണയുടെ ഏതെങ്കിലും ആവരണമോ പാളിയോ അവശേഷിക്കരുത്. കല്പന അവശേഷിക്കരുത്. യഥാർത്ഥം– 'ആപൊ ആപ നിരംജന സോയി'. അതിന്റെ ദർശനം ചെയ്യേണ്ടതുണ്ട്, ഏതൊന്ന് തന്നെത്താൻ നടന്നു കൊണ്ടിരിക്കുകയാണോ, അതിന്റെ അനുഭവം ചെയ്യണം – സച്ചമായതിന്റെ – സത്യമായതിന്റെ. സത്യം തന്നെയാണ് ഈശ്വരൻ. പരമസത്യം തന്നെയാണ് പരമേശ്വരൻ. 'അംജന് മാംഹി നിരംജന് ദേഖൊ' ഈ ശരീരത്തിൽ, ഇതിന്റെ ഉള്ളിൽ നിരഞ്ജനത്തെ നോക്കൂ, ഈശ്വരനെ നോക്കൂ അതായത് സത്യത്തിന്റെ അനുഭവം ചെയ്യുക, സത്യത്തിന്റെ അനുഭവം ഉണ്ടാകാൻ തുടങ്ങിയാൽ അപ്പോൾ മുഴുവൻ ഭ്രമങ്ങളും ദൂരികരിക്കപ്പെടും.

'ബാഹർ–ഭീതർ എകൊ സച് ഹൈ, യഹ് ഗുരു–ജ്ഞാന് ബതായിരെ ജന നാനക് ബിന് ആപാചിഹനെ, കടെ ന ഭ്രമ് കീ കായിരെ'.

തന്നെ തന്നെ ച്ഛേദം ചെയ്യാതെ, തന്നെത്താനെ അറിയാതെ ഭ്രമം മായില്ല. അതിനാൽ തന്നെ തന്നെ അറിയേണ്ടതുണ്ട്. അന്തർമുഖി ആകാതെ തന്നെ തന്നെ എങ്ങനെ അറിയും? ഈ മൂന്നര കൈയുള്ള ശരീരത്തിനുള്ളിൽ അന്തർമുഖനായി സത്യത്തെ അറിയണം, ചിത്തം നിർമ്മലമായി ക്കൊണ്ടുപോകും. രാഗവിഹീനനായി ക്കൊണ്ടുപോകും, ദ്വേഷവിഹീനനായിക്കൊണ്ടു പോകും എന്നിട്ട് എത്ര എത്ര നിർമ്മലമായിക്കൊണ്ടു പോകുമോ, മൈത്രിയാൽ നിറയാൻ തുടങ്ങും, കരുണയാൽ നിറയാൻ തുടങ്ങും, സദ്ഭാവനയാൽ നിറയാൻ തുടങ്ങും. പിന്നെ വെറുതെയിരിക്കാനാകില്ല. ലോകസേവ തന്നെ ലോകസേവ, ലോകസേവ തന്നെ ലോകസേവ. ഇദ്ദേഹം മഹാനിൽ മഹാൻ, മുഴുവൻ ജീവിതവും ലോകസേവ ചെയ്യുന്നു. ഭാരതത്തിന്റെ എല്ലേ കോണിലും മാത്രമല്ല, വിദേശങ്ങളിലും പോയി ധർമ്മം പഠിപ്പിക്കുന്നു. ദൂരെ ദൂരെയുള്ള ദേശങ്ങളിൽ ഇതേ ചിത്തത്തിന്റെ നിർമ്മലതയുടെ ധർമ്മം പഠിപ്പിക്കുന്നു. ഇന്നത്തെപ്പോലെ വാഹന സൗകര്യങ്ങളൊന്നുമില്ല. യാത്ര എത്ര കഠിനതകൾ നിറഞ്ഞതായിരിക്കും. മുഴുവൻ കഷ്ടപ്പാടുകളെയും സഹിക്കുന്നു, ലോകത്തിൽ എല്ലായിടത്തും ജനങ്ങൾ ദുഖിതരാണ്. അവരുടെ ചിത്തം നിർമ്മലമാക്കുന്നതിനുള്ള ഏതെങ്കിലും വഴി ലഭിക്കണം. അവർക്ക് ഉള്ളിലെ ശാന്തി ലഭിക്കണം. വളരെ നന്മയാകും. അവർക്ക് വലിയ മംഗളമാകും. ഈ മൈത്രി ചിത്തത്താൽ, കരുണ ചിത്തത്താൽ, സദ്ഭാവന നിറഞ്ഞ ചിത്തത്താൽ എല്ലാ സ്ഥലത്തും യാത്രകൾ ചെയ്യുന്നു.

ഒരു വളരെ വലിയ കാര്യം കൂടി ചെയ്തു. എപ്രകാരം കബീർസാഹിബ് ചെയ്തുവോ, അപ്രകാരം തന്നെ നാനക് ദേവജിയും ചെയ്തു. വളരെ വലിയ കാര്യം ചെയ്തു. ചിത്തത്തെ നിർമ്മലമാക്കി ധർമ്മം പഠിപ്പിക്കാനുള്ള ജോലി കേവലം ഗൃഹത്യാഗിതന്നെ ചെയ്യണം ഇത് അനിവാര്യമല്ല. ഗൃഹത്യാഗിയാണോ, വളരെ നല്ല കാര്യം. ഗൃഹം ത്യജിക്കുന്നതിന്, സന്ന്യസികുന്നതിന്, ഭിക്ഷുവാകുന്നതിന്, മുനിയാകുന്നതിന്, സാധ്വി ആകുന്നതിന് വളരെ ത്യാഗം ചെയ്യേണ്ടതുണ്ട്. വീടിലെ ആസക്തി മുറിക്കേണ്ടതുണ്ട്, അപ്പോൾ ലോക സേവ ചെയ്യും. അദ്ദേഹത്തിനാകട്ടെ ഇതുതന്നെയാണ് ചെയ്യേണ്ടത്, മറ്റെന്താണ് ചെയ്യാനുള്ളത് ഇതിനാണ് വീടു വിട്ടത്ത് എന്തെന്നാൽ സ്വന്തം മംഗളം നേടണം എന്നിട്ട് മറ്റുള്ളവരുടെ മംഗളം ആകുന്നതിന് പ്രയ്തനിക്കണം. തന്നെത്താൻ മംഗളം നേടാതെ മറ്റുള്ളവർക്ക് മംഗളം കൊടുക്കാൻ സാധിക്കില്ല. അതിനാൽ ഗൃഹത്യാഗി ആരാണോ, അവർ നമുക്ക് പൂജ്യരാണ്. എന്നാൽ ഗൃഹസ്ഥനാണ് എങ്കിൽ ഗൃഹസ്ഥനും സ്വന്തം ചിത്തത്തെ നിർമ്മലമാക്കണം. എന്നിട്ട് നിർമ്മലമാക്കി ലോകസേവ ചെയ്യണം. അപ്രകാരം നല്ല ഗൃഹസ്ഥരുടെ ഒരു ആദർശം സ്ഥാപിച്ചു. ഗൃഹസ്ഥസന്ന്യാസിയാണ് – വീടിന്റെ കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ചാലും ആസക്തിയില്ല. അനാസക്തനാണ് കൂടാതെ ലോകസേവ ചെയ്യുകയാണ്, ലോകസേവ ചെയ്യുകയാണ്.

ഏത് സമാജത്തിലെ ഗൃഹസ്ഥർ നന്നായില്ലയോ, ഏതു സമാജത്തിലെ ഗൃഹസ്ഥൻമാരുടെ ചിത്തത്തിൽ ശാന്തി വന്നില്ലയോ, നിർമ്മലത വന്നില്ലയോ, ആ സമാജത്തിൽ നിന്നും നല്ല സന്ന്യാസി എങ്ങനെ ഉണ്ടാകും? നല്ല ഭിക്ഷു എങ്ങനെ ഉണ്ടാകും? അതിനാൽ ഒരു ആദർശം സ്ഥാപിച്ചു, ഗൃഹസ്ഥൻ നല്ല ഗൃഹസ്ഥൻ എങ്ങനെ ആകും? ഗൃഹസ്ഥൻ ശാന്തിയുടെ ജീവൻ എങ്ങനെ ജീവിക്കും? ഏതെങ്കിലും ഗൃഹസ്ഥൻ, എങ്ങനെ മഹാനായിത്തീരും? ഗൃഹസ്ഥരായ നമ്മൾക്കുവേണ്ടി ഒരു ആദർശം സ്ഥാപിച്ചു. വളരെ നല്ല ആദർശം. അദ്ദേഹത്തോട് ശ്രദ്ധ ഉണരണം, അപ്പോൾ മനസ്സിൽ ഇതേ ഭാവം ഉണരണം എന്തെന്നാൽ ഗൃഹസ്ഥന്റെ വേഷം ധരിച്ചാലും നമ്മൾ അനാസക്തരുടെ ജീവിതമാണ് ജീവിക്കേണ്ടത്. നമ്മടെയും നന്മ ചെയ്യണം, മറ്റുള്ളവർക്കും നന്മ ചെയ്യണം. സമാജത്തിലെ, രാഷ്ട്രത്തിലെ, വിശ്വത്തിലെ മുഴുവൻ ഗൃഹസ്ഥനും ധർമ്മിഷ്ഠനായിത്തീരണം. ധർമ്മത്തിന്റെ വഴിയെ നടക്കാൻ തുടങ്ങണം. ശുദ്ധ ചിത്തനായിത്തീരണം. നിർമ്മല ചിത്തനായിത്തീരണം. മൈത്രിയാൽ നിറയണം, കരുണയാൽ

നിറയണം. ഇതിൽ തന്നെയാണ് നന്മ. സ്വന്തം നന്മ, മറ്റുള്ളവർക്കും നന്മ. വളരെ നിർമ്മല ചിത്തത്താൽ ധർമ്മത്തിന്റെ വഴി പ്രകാശമയമാകണം, കൂടാതെ ജനങ്ങൾക്ക് അതിൽ നടക്കുന്നതിന് പ്രേരണ ലഭിക്കണം. നടക്കാൻ തുടങ്ങണം. നടക്കാൻ തുടങ്ങിയാൽ നന്മ തന്നെ നന്മ. നടക്കാൻ തുടങ്ങിയാൽ സ്വസ്ഥി തന്നെ സ്വസ്ഥി. നടക്കാൻ തുടങ്ങിയാൽ മുക്തി തന്നെ മുക്തി.